REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 16-12-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ചെറു നഗരങ്ങളിൽ സംരംഭങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താനും, സ്ഥാപനങ്ങൾ തുടങ്ങാനാവശ്യമായ ചുറ്റുപാടുകൾ ഒരുക്കാനും സംസ്ഥാനങ്ങൾ മുന്നോട്ടു വരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഭരണഘടനയുടെ 75-ാം വാർഷികത്തോട് ബന്ധപ്പെട്ട രണ്ടു ദിവസത്തെ പ്രത്യേക ചർച്ച ഇന്ന് രാജ്യസഭയിൽ ആരംഭിക്കും.
- രാജ്യം ഇന്ന് 'വിജയ് ദിവസ്' ആഘോഷിക്കുന്നു.
- പാലക്കാട് പനയംപാടത്ത് നാല് വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ അപകടത്തെപ്പറ്റി തയ്യാറാക്കിയ സംയുക്ത പരിശോധനാ റിപ്പോർട്ട് ഇന്ന് ജില്ലാ കളക്ടർക്ക് കൈമാറും.
- പരീക്ഷാ നടത്തിപ്പ് ചർച്ച ചെയ്യാൻ വിദ്യാഭ്യാസ മന്ത്രി വിളിച്ച ഉന്നതതല യോഗം വൈകിട്ട് തിരുവനന്തപുരത്ത്.
- ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസെടുത്തു.

## വാർത്തകൾ വിശദമായി

ചെറു നഗരങ്ങളിൽ സംരംഭങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്താനും, സ്ഥാപനങ്ങൾ തുടങ്ങാനാവശ്യമായ ചുറ്റുപാടുകൾ ഒരുക്കാനും സംസ്ഥാനങ്ങൾ മുന്നോട്ടു വരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെട്ടു. ഇതിന്റെ നടപടി ക്രമങ്ങൾ ലളിതമാക്കണമെന്നും, അതിലെ സങ്കീർണതകൾ പൗരന്മാരെ

പീഡിപ്പിക്കുന്നതിന് തുല്യമാകുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)............

സംസ്ഥാനങ്ങൾ ഭരണ മാതൃക പരിഷ്ക്കരിച്ച് ജനപങ്കാളിത്തം അഥവാ, ജൻ ഭാഗീദാരീ ഉറപ്പാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി നിർദ്ദേശിച്ചു. പരിഷ്ക്കരണത്തിലും, പ്രകടനത്തിലും, പരിവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കണം. ഗവൺമെന്റിന്റെ സംരംഭങ്ങളെപ്പറ്റി ജനങ്ങളെ അറിയിക്കുകയും വേണമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്ത് നടപ്പാക്കുന്ന ഗോബർ-ധൻ പരിപാടി മികച്ച ഊർജ്ജസ്രോതസ്സായി മാറിക്കഴിഞ്ഞെന്നും ഇതിലൂടെ പ്രായമായ കന്നുകാലികൾ ബാധ്യതയ്ക്കപ്പുറം സമ്പാദ്യമായി മാറിക്കഴിഞ്ഞെന്നും അദ്ദേഹം വിലയിരുത്തി. ഫിറ്റ് ഇന്ത്യ പരിപാടിയിൽ അമിത വണ്ണത്തെ വെല്ലുവിളിയായി കണ്ട് പരിഹാര നടപടികൾ സ്വീകരിക്കണം. ആരോഗ്യപൂർണമായ രാജ്യത്തിനു മാത്രമേ വികസിത ഭാരതമായി മാറാൻ കഴിയൂ. 2025 അവസാനത്തോടെ ഇന്ത്യ TB മുക്തമാകുമെന്നും, അതിന് ആശാ-അങ്കണവാടി ജീവനക്കാർക്ക് പ്രധാന പങ്ക് വഹിക്കാനുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

വെള്ളിയാഴ്ചയാണ് ചീഫ് സെക്രട്ടറിമാരുടെ മൂന്ന് ദിവസത്തെ സമ്മേളനം ആരംഭിച്ചത്.

✪✪✪

ഭരണഘടനയുടെ 75-ാം വാർഷികത്തോട് ബന്ധപ്പെട്ട രണ്ടു ദിവസത്തെ പ്രത്യേക ചർച്ച ഇന്ന് രാജ്യസഭയിൽ ആരംഭിക്കും. ചർച്ചയ്ക്ക് നാളെ സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മറുപടി നൽകിയേക്കും. രാജ്യസഭാ MP മാരോട് സഭയിൽ ഹാജരാകാൻ BJP വിപ്പ് നൽകിയിട്ടുണ്ട്. ലോക്സഭയിൽ വെള്ളി, ശനി ദിവസങ്ങളിലായി ചർച്ച പൂർത്തിയായിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയും, ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തും. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ എന്നിവരുമായും ശ്രീലങ്കൻ പ്രസിഡന്റ് കൂടിക്കാഴ്ച നടത്തും. ബിഹാറിലെ ബോധഗയയും അദ്ദേഹം സന്ദർശിക്കും.

ദിസനായക പ്രസിഡൻററായി ചുമതലയേറ്റ ശേഷം നടത്തുന്ന ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. ഡൽഹിയിലെ ബിസിനസ് പ്രോത്സാഹന പരിപാടിയിലും ദിസനായക പങ്കെടുക്കും.

✪✪✪

രാജ്യം ഇന്ന് 'വിജയ് ദിവസ്' ആഘോഷിക്കുന്നു. 1971ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യൻ സായുധ സേന നേടിയ വിജയത്തിന്റെ അനുസ്മരണാർത്ഥമാണ് എല്ലാ വർഷവും ഡിസംബർ 16 ന് വിജയ് ദിവസ് ആഘോഷിക്കുന്നത്. രാഷ്ട്രത്തെ സംരക്ഷിക്കാൻ ജീവാർപ്പണം ചെയ്ത എല്ലാ സൈനികർക്കും ഈ ദിനത്തിൽ രാജ്യം ആദരാഞ്ജലി അർപ്പിക്കും.

✪✪✪

പാലക്കാട് പനയംപാടത്ത് നാല് വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ അപകടസ്ഥലത്ത് വകുപ്പ് തല ഉദ്യോഗസ്ഥർ നടത്തിയ സംയുക്ത പരിശോധനയുടെ റിപ്പോർട്ട് ഇന്ന് ജില്ലാ കളക്ടർക്ക് സമർപ്പിക്കും. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ക്രമസമാധാന വിഭാഗം ADGP മനോജ് എബ്രഹാം വിളിച്ച ജില്ലാ പോലീസ് മേധാവികളുടെ യോഗം ഇന്ന് ചേരുന്നുണ്ട്.

ഡെസ്ക് റിപ്പോർട്ട്

....(വോയ്സ്)...

ഗതാഗത മന്ത്രിയുടെയും ദേശീയ പാതാ അധികൃതരുടെയും നേതൃത്വത്തിൽ ചൊവ്വാഴ്ച ചേരുന്ന യോഗത്തിൽ സംയുക്ത പരിശോധന റിപ്പോർട്ട് റിപ്പോർട്ട് ചർച്ച ചെയ്ത് തുടർ നടപടി സ്വീകരിക്കും. പനയംപാടം വളവിൽ അപകടങ്ങൾ ഒഴിവാക്കാൻ താത്കാലിക മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗവും നിയമലംഘനവും തടയാൻ പ്രത്യേക സ്ക്വാഡ് കർശന പരിശോധനയും ആരംഭിക്കും.

AI ക്യാമറ വഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് വേഗത്തിൽ ചലാൻ അയയ്ക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് മന്ത്രി KB ഗണേഷ്കുമാർ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

മാലിന്യമുക്ത നവകേരളം കൈവരിക്കണമെങ്കിൽ ദ്രവമാലിന്യ സംസ്കരണത്തിലും ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിലും പുരോഗതി വേണമെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിൻ മൂന്നാം ഘട്ടത്തിന്റെ സംസ്ഥാനതല പരിപാടി തൃത്താലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കണ്ണനൂർ തോട് വീണ്ടെടുക്കുന്ന ശുചീകരണ പ്രവർത്തനങ്ങളോടെയാണ് ക്യാമ്പയിന്റെ മൂന്നാംഘട്ടത്തിന് സംസ്ഥാനത്ത് തുടക്കമിട്ടത്.

✪✪✪

ക്രിസ്മസ് പരീക്ഷയുടെ ചോദ്യപ്പേപ്പർ യൂട്യൂബ് വഴി ചോർന്നതടക്കം വിഷയങ്ങളും, പരീക്ഷാ നടത്തിപ്പും ചർച്ച ചെയ്യാൻ വിദ്യാഭ്യാസ മന്ത്രി വിളിച്ച ഉന്നതതല യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. വൈകിട്ട് മന്ത്രി V.ശിവൻകുട്ടിയുടെ ചേംബറിലാണ് യോഗം. വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, പരീക്ഷാഭവൻ സെക്രട്ടറി, ഹയർസെക്കൻഡറി ഡയറക്ടർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

മന്ത്രി K.കൃഷ്ണൻകുട്ടി ഇന്ന് കോഴിക്കോട് ജില്ലയിലെ പൊതുപരിപാടികളിൽ പങ്കെടുക്കും. രാവിലെ ഇങ്ങാപ്പുഴയിൽ 110 KV അടിവാരം സബ്സ്റ്റേഷൻ നിർമാണം ഉദ്ഘാടനം ചെയ്യുന്ന മന്ത്രി, ഉച്ചകഴിഞ്ഞ് പന്തിരാങ്കാവ് 110 K.V സബ് സ്റ്റേഷന്റെ നിർമാണത്തിനും തുടക്കമിടും.

✪✪✪

കാസർകോട്- തിരുവനന്തപുരം ആറ് വരി ദേശീയപാതയുടെ പൂർത്തിയായ ഇടങ്ങൾ ഗതാഗതത്തിന് തുറന്നു നൽകുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. പയ്യന്നൂർ ചൂളക്കടവ് പാലത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ദേശീയപാത 66 നിർമ്മാണം അടുത്ത ഡിസംബറോടെ പൂർത്തിയാകുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് കാസർകോട്ട് പറഞ്ഞു. മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ പാലം നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി. പാലം നിർമ്മാണത്തിന് ഭൂമി സൗജന്യമായി വിട്ടു നൽകിയ ഭൂവുടമകളെ മന്ത്രി പ്രശംസിച്ചു.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്രമേള നാലാം ദിനത്തിലേക്ക് കടന്നു. 67 സിനിമകൾ ഇന്ന് പ്രദർശിപ്പിക്കും.

ആകാശവാണി പ്രതിനിധി രജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്)........

✪✪✪

ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസെടുത്തു. ബ്രിസ്ബെയ്നിൽ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് അല്പസമയത്തിനകം ആരംഭിക്കും.

ടെസ്റ്റിൽ ടോസ് നേടിയ ഇന്ത്യ കഴിഞ്ഞ ദിവസം ഓസ്ട്രേലിയയെ ബാറ്റിംഗിന് അയക്കുകയായിരുന്നു.

✪✪✪

വനിതാ ജൂനിയർ ഏഷ്യാകപ്പ്  ഹോക്കി കിരീടം ഇന്ത്യയ്ക്ക്. മസ്ക്കറ്റിൽ ചൈനയെ പെനാൽറ്റി ഷൂട്ടൗട്ടിൽ രണ്ടിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ കിരീടം നിലനിർത്തിയത്. സാക്ഷി റാണ, ഇഷിക, സുനേലിത ടോപ്പോ എന്നിവരാണ് ഇന്ത്യക്കായി ഗോളടിച്ചത്.  ഗോൾ കീപ്പർ നിധി, ചൈനയുടെ  മൂന്ന് നിർണായക ശ്രമങ്ങൾ പരാജയപ്പെടുത്തി. നിശ്ചിത സമയത്ത് ഇരുടീമുകളും ഓരോ ഗോളടിച്ച് സമനില പാലിച്ചതിനെ തുടർന്നാണ് പെനാൽറ്റി ഷൂട്ടൗട്ട് വേണ്ടി വന്നത്.

✪✪✪

കാലിക്കറ്റ് സർവ്വകലാശാല അത്-ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ രണ്ടാം ദിവസം പുരുഷവിഭാഗത്തിൽ തൃശൂർ സെന്റ് തോമസ് കോളെജും, വനിതാവിഭാഗത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജും മുന്നിട്ടു നിൽക്കുന്നു.  പാലക്കാട് വിക്ടോറിയ കോളജിലെ രജിത്തും, പാലക്കാട് മേഴ്സി കോളജിലെ മേഘയും വേഗ  താരങ്ങളായി.

✪✪✪

സയ്യിദ് മുഷ്താഖ് അലി ക്രിക്കറ്റ് ട്രോഫി മുംബൈയ്ക്ക്.  ബംഗലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ അഞ്ച് വിക്കറ്റിന് മധ്യപ്രദേശിനെ തോൽപ്പിച്ചാണ് അവർ ജേതാക്കളായത്.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത് നീർവേലി ഏളക്കുഴിയിൽ പഴശ്ശിരാജ സാംസ്കാരിക സമിതി നിർമ്മിച്ച സാംസ്കാരിക നിലയം രാവിലെ RSS  സർ കാര്യവാഹ് ദത്താത്രേയ ഹൊസബൊളെ ഉദ്ഘാടനം ചെയ്യും. വൈകിട്ട് സാംസ്കാരിക സദസ്സിൽ BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് മുഖ്യ പ്രഭാഷണം നടത്തും.

✪✪✪

കടത്തനാട് ഉദയ വർമ്മ രാജാ പുരസ്കാരം  ഇത്തവണ  എഴുത്തുകാരനും, പ്രഭാഷകനും ഫോക്-ലോർ ഗവേഷകനുമായ  ഡോ. M.S നായർക്ക് സമ്മാനിക്കുമെന്ന്  പുരസ്കാര സംഘാടക സമിതി കൺവീനർ ഡോ.E.K ഗോവിന്ദ വർമ്മ രാജ  കോഴിക്കോട്ട് അറിയിച്ചു.  20,000 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

വിയറ്റ്നാം തീര സംരക്ഷണ സേനയുടെ കപ്പൽ CSB 8005 നാല് ദിവസത്തെ പര്യടനത്തിനായി നാളെ കൊച്ചിയിൽ എത്തും. ഇന്ത്യയും വിയറ്റ്നാമും തമ്മിൽ സമുദ്ര സഹകരണം വർധിപ്പിക്കുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യം.

✪✪✪

പത്തനംതിട്ട കൂടൽ ക്ഷേത്രവഞ്ചിയ്ക്കു സമീപം,പിറകോട്ടെടുത്ത ടിപ്പർ ലോറിയിടിച്ച് വയോധികൻ മരിച്ചു. മഠത്തിലേത്ത് ഗംഗാധരൻ നായർ ആണ് മരിച്ചത്. കലഞ്ഞൂർ മുറിഞ്ഞകല്ലിൽ മിനിബസും കാറും കൂട്ടിയിടിച്ച് നാലുപേർ മരിച്ച സംഭവത്തിന്റെ ഞെട്ടൽ മാറുന്നതിനുമുമ്പാണ് വീണ്ടും അപകടമുണ്ടായത്.

✪✪✪

മൗറീഷ്യസിൽ വിനോദ സഞ്ചാരത്തിനിടെ അപകടത്തിൽ മരിച്ച കണ്ണൂർ കല്യാശ്ശേരി അഞ്ചാംപീടിക സ്വദേശി വിനയ്  ചന്ദ്രൻ നമ്പ്യാരുടെ മൃതദേഹം രാവിലെ ജന്മനാട്ടിലെ പാളയത്ത് വളപ്പ് സമുദായ ശ്മശാനത്തിൽ സംസ്കരിക്കും. ഇന്നലെ  രാത്രി മൃതദേഹം  നാട്ടിലെത്തിച്ചു. ഈ മാസം പതിനൊന്നിനായിരുന്നു വിനയ് ചന്ദ്രൻ നമ്പ്യാരുടെ  മരണം.  കൊച്ചിയിൽ സ്വകാര്യ കമ്പനി ജീവനക്കാരനായിരുന്നു.

✪✪✪

കൊല്ലം അമൃതപുരിയിൽ അന്താരാഷ്ട്ര സുനാമി കോൺഫറൻസ് സമാപിച്ചു. അമൃത വിശ്വവിദ്യാപീഠം കാമ്പസിലെ സമാപന ചടങ്ങിൽ ഗോവ ഗവർണർ PS ശ്രീധരൻപിള്ള മുഖ്യാതിഥിയായിരുന്നു.

✪✪✪